ഉത്തരം

(എ—സി) അച്ചടി ജോലികൾ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇൻസ്പെക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അന്വേഷിച്ചു നടപടി സ്വീകരിക്കാവുന്നതാണ്.

ബാലഭവൻ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

12 [2303] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജവഹർ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ബാലഭവനിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) ഇവരുടെ വേതനം വർദ്ധിപ്പിക്കുന്നതിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) തൃശ്ശൂർ ജവഹർ ബാലഭവൻ ഇന്ത്യയിലെതന്നെ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ബാലഭവൻ എന്നത് കണക്കിലെടുത്ത് കൂടുതൽ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തൃശ്ശൂർ ബാലഭവന് സർക്കാർ എത്ര സ്ഥലം സ്വന്തമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ബാലഭവൻ ഇന്ന് ഉപയോഗിച്ചു വരുന്ന സ്ഥലം ഇവർക്ക് സ്വന്തമായി പതിച്ചു നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) അഞ്ച് ജവഹർ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിശോധനകൾ നടക്കുന്നുണ്ട്.

(ബി) അനുബന്ധമായി വച്ചിരിക്കുന്നു. †

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഇ) സ്വന്തമായി അമ്പത് സെന്റ് സ്ഥലം ഉണ്ട്.

(എഫ്) നിർദ്ദേശം പരിഗണനയിലുണ്ട്.

അവശകലാകാരൻമാരുടെ പെൻഷൻ

13 [2304] ശ്രീ. വി. ജെ. പൗലോസ്:
,, ബി. വിജയകുമാർ:
,, പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക–പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly